**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3020** **13-07-2022 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് താലൂക്ക് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാവക്കാട് താലൂക്ക് ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ചാവക്കാട് താലൂക്ക് ഓഫീസിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ സൈറ്റ്പ്ലാൻ, കെട്ടിടത്തിന് ആവശ്യമായ requirements, പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആർക്കിടെക്റ്റിന്റെ കാര്യാലയത്തിൽ നിന്നും ചാവക്കാട് താലൂക്ക് ഓഫീസ് സ്ഥലം സന്ദർശിച്ചു.<br><br>ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 01.07.2022 ന് നടന്ന അവലോകനയോഗത്തിൽ, ചാവക്കാട് താലൂക്ക് കോമ്പൗണ്ടിലെ നിലവിലെ പഴക്കമുള്ള കെട്ടിടം കൂടി പൊളിച്ചുമാറ്റി വലിയ കെട്ടിട സമുച്ചയമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ ചെയ്തെങ്കിലും റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും അന്തിമ തീരുമാനം ആയിട്ടില്ല. |
| (ബി) | ചാവക്കാട് റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ചാവക്കാട് റസ്റ്റ്ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുന്നതിന് പ്രവൃത്തി അറേഞ്ച് ചെയ്തിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ പ്ലാൻ തയ്യാറാക്കുന്നതിനായി ആർക്കിടെക്റ്റിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ